# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.442

## 04-02-2020 ൽ മറുപടിക്ക്

## ലൈഫ് സയൻസ് പാർക്ക് - ഫേസ് 2

| ചോദ്യം<br>ശ്രീ. ടി.ജെ. വിനോദ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) പെട്രോകെമിക്കൽ പാർക്ക് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;<br>(ബി) മേല്പറഞ്ഞ ഓരോ പദ്ധതിക്കുമായി കിഫ്ബി എന്ത് തുക ധനസഹായമായി നൽകിയെന്ന് അറിയിക്കുമോ; | കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) ന് 301.17 കോടി രൂപയും, പെട്രോകെമിക്കൽ പാർക്കിന് 977.46 കോടി രൂപയും കിഫ്ബി മുഖേന അംഗീകരിക്കുകയും ഈ തുക മുഴുവനും രണ്ട് പദ്ധതികൾക്കായി കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനായി വിതരണം ചെയ്തു കഴിഞ്ഞതുമാണ്. |
| (സി) ഓരോ പദ്ധതിക്കും സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) - ഭൂമി ഏറ്റെടുക്കുന്ന സംബന്ധിച്ചുള്ള നടപടികൾ നടന്നു വരികയാണ്. മൊത്തം 128.50 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതിൽ 86 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ